ചലച്ചിത്ര-ടെലിവിഷൻ-നാടക രംഗങ്ങളിൽ പ്രവർത്തിക്കാൻ സർക്കാർ ജീവനക്കാർക്ക് മുൻകൂർ അനുമതി

33 (7590). ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമ, സീരിയൽ, നാടകം തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിക്കണമെങ്കിൽ സർക്കാർ ജീവനക്കാരായ കലാകാരന്മാർക്ക് അവർ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മേധാവികളിൽനിന്നും മുൻകൂർ അനുമതി വാങ്ങണം എന്ന നിബന്ധന നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ജോലിനോക്കുന്ന എത്ര ജീവനക്കാർക്കാണ് സിനിമ, സീരിയൽ, നാടകം തുടങ്ങിയ കലാരംഗത്ത് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾ 48 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഒരു സർക്കാർ ജീവനക്കാരന് തന്റെ ഔദ്യോഗിക കർത്തവ്യങ്ങൾക്ക് വിഘ്നം വരാത്തരീതിയിൽ വല്ലപ്പോഴുമുള്ള കലാസാംസ്കാരിക സാഹിത്യ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതും ഗവൺമെന്റ് ആവശ്യപ്പെടുന്നപക്ഷം അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാടില്ലാത്തതുമാകുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

അങ്കമാലി മുതൽ മണ്ണുത്തിവരെയുള്ള നാലുവരിപ്പാത നിർമ്മാണത്തിലെ അനുബന്ധ പ്രവർത്തനങ്ങൾ

34 (7591) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47-ൽ അങ്കമാലിമുതൽ മണ്ണുത്തിവരെയുള്ള ഭാഗങ്ങളിലെ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എ.ഐ.യുമായുള്ള കരാറിൽ ഉൾപ്പെടാത്ത അനുബന്ധ പ്രവർത്തനങ്ങളായ ഫ്ളൈ ഓവറുകൾ, സർവ്വീസ് റോഡുകൾ, സബ്വേകൾ, ഡ്രൈനേജ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ 98 കോടി രൂപ പ്രത്യേകം അനുവദിക്കുമെന്ന ബഹു.മുഖ്യമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ എസ്റ്റിമേറ്റുകൾ സർക്കാരിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly